**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഇടപ്പാളയം വാർഡിൽ കല്ലടയാറിനോട് ചേർന്ന് സംരക്ഷണഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിപ്പെട്ട ആര്യങ്കാവ് പഞ്ചായത്തിലെ ഇടപ്പാളയം വാർഡിൽ മുൻ വർഷങ്ങളിൽ ഉണ്ടായ കാലവർഷത്തിലും ഉരുൾപൊട്ടലിലും സർവ്വേ നമ്പർ 343/8 -നോട് ചേർന്ന് കിടക്കുന്ന കൃഷിസ്ഥലവും വീടും ഉൾപ്പെടെ ക്രമാതീതമായി ഇടിഞ്ഞു പോയതിനെ തുടർന്ന് കല്ലടയാറിനോട് ചേർന്ന് അറുപത്തിരണ്ട് മീറ്ററോളം സംരക്ഷണഭിത്തി കെട്ടുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | പുനലൂർ മണ്ഡലത്തിൽ ആര്യങ്കാവ് പഞ്ചായത്തിലെ ഇടപ്പാളയം വാർഡിൽ കല്ലടയാറിനോട് ചേർന്ന് 62 മീറ്റർ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തി ടെണ്ടർ ചെയ്തു, പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രാഥമിക നിർമ്മാണ പ്രവൃത്തികൾ തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിനായി അറുപത്തിരണ്ട് മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ള കുഴിയിലൂടെ വെള്ളം ഒഴുകി വീണ്ടും കൃഷിസ്ഥലങ്ങൾ ഇടിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2021 ഒക്ടോബർ മാസത്തിലെ ഉരുൾപൊട്ടലിൽ ഈ പ്രദേശത്തെ ആറ്റതീരം ഇടിയുന്നതായും അനുബന്ധമായ പാർശ്വഭിത്തിയിൽ ഉണ്ടായ വിള്ളലുകളിലൂടെ വെള്ളം ഒഴുകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു തുടർച്ചയായി “ഒഴുകാം ശുചിയായി" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തീരസംരക്ഷണം ഏർപ്പെടു ത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. വേനൽമഴയും തുടർന്നുള്ള കാലവർഷവും മൂലം ആറ്റിലെ ജലനിരപ്പ് ഉയരുകയും ചെയ്തതിനാൽ പ്രവൃത്തി തുടരാൻ സാധിച്ചിട്ടില്ല. ആറ്റിലെ ജലനിരപ്പ് താഴുന്നതിനനുസരിച്ച് അടിയന്തിരമായി പ്രവൃത്തി ആരംഭിച്ച് തീരം സംരക്ഷിക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത സംരക്ഷണഭിത്തിയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ ? | (ഡി) | 2021 ഒക്ടോബർ മാസത്തിലെ ഉരുൾപൊട്ടലിൽ ഈ പ്രദേശത്തെ ആറ്റതീരം ഇടിയുന്നതായും അനുബന്ധമായ പാർശ്വഭിത്തിയിൽ ഉണ്ടായ വിള്ളലുകളിലൂടെ വെള്ളം ഒഴുകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു തുടർച്ചയായി “ഒഴുകാം ശുചിയായി" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | തീരസംരക്ഷണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. വേനൽമഴയും തുടർന്നുള്ള കാലവർഷവും മൂലം ആറ്റിലെ ജലനിരപ്പ് ഉയരുകയും ചെയ്തതിനാൽ പ്രവൃത്തി തുടരാൻ സാധിച്ചിട്ടില്ല. ആറ്റിലെ ജലനിരപ്പ് താഴുന്നതിനനുസരിച്ച് അടിയന്തിരമായി പ്രവൃത്തി ആരംഭിച്ച് തീരം സംരക്ഷിക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ